പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2473 11.10.2011 ൽ മറുപടിയ്ക്ക്

## ജില്ലാ നവീകരണ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ഡി. സതീശൻ:<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ. വർക്കല കഹാർ:<br>ശ്രീ. പി.സി വിഷ്ണുനാഥ്: | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പുമന്ത്രി) |
| (എ) ജില്ലാ നവീകരണ പദ്ധതികൾക്ക് എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | (എ) 13-ാം ധനകാര്യ കമ്മീഷൻെറ ശുപാർശയുടെ അടിസ്ഥാനത്തിൽ ജില്ലയിലെ നിലവിലുള്ള പൊതു അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് നികത്താനായി ഓരോ ജില്ലയിലും ഓരോ കോടി രൂപ വീതം, കേരളത്തിന് പതിനാല് കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാർ 2011-2015 കാലഘട്ടത്തിനിടയിൽ രണ്ട് ഗഡുക്കളായി ഈ തുക അനുവദിക്കുന്നതും അതിൻെറ ഒന്നാം ഗഡു തുകയായ 7 കോടി രൂപ സംസ്ഥാന സർക്കാരിന് അനുവദിച്ചിട്ടുള്ളതും പ്രസ്തുത തുക 2011-2012 ലെ സംസ്ഥാന ബഡ്ജറ്റിൽ ഭേദഗതി പത്രികയിലൂടെ വകയിരുത്തിയിട്ടുമുണ്ട്. പദ്ധതി തുകയുടെ 10% സർക്കാർ ഇതര സംഘടനകളിൽ നിന്നും സമാഹരിക്കേണ്ടതുമുണ്ട്. |
| (ബി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് ഏതെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) ഇതിനകം നിലവിലുള്ളതും എന്നാൽ നിക്ഷേപത്തിൻെറ അപര്യാപ്തത മൂലം പൂർണ്ണമാക്കാൻ കഴിയാത്തതുമായ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമാണ് ഇത് ലക്ഷ്യമിടുന്നത്. |
| (സി) ഇവ ആവിഷ്കരിക്കുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുമോ? | (സി) 19.03.2011 ലെ സ.ഉ (സാധാ)നം. 2054/2011/റവന്യൂ - ൽ ജില്ലാകളക്ടർമാരെ ജില്ലാ നവീകരണ ഫണ്ട് ഉപയോഗിച്ച് പദ്ധതി അനുവദിച്ച് നടപ്പിലാക്കാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ